•

<u>ഭരണഭാഷ മാതൃഭാഷ</u>

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കന്ററി വിഭാഗം.
ജഗതി, തിരുവനന്തപുരം-14
ഇ-മെയിൽ-jd1hse.dge@kerala.gov.in
ഫോൺ: 0471-2580738

എച്ച് എസ് ഇ/9410/2024-എ സി ഡി എസ് പി എൽ1 തീയതി:06-08-2024

## സർക്കുലർ

വിഷയം: പൊ വി വ-ഹ സെ വി- *2024-25* അധ്യയന വർഷത്തെ ബി പി എൽ മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ്-റിന്യൂവലിനുള്ള (രണ്ടാം വർഷ വിദ്യാർത്ഥികൾക്കുള്ള) അപേക്ഷ ക്ഷണിക്കുന്നത്- സംബന്ധിച്ച്

സൂചന: 22/06/2024 ലെ ഫിൻ സി5/9639/2024 ഭരണാനുമതി

ഹയർ സെക്കൻഡറിയിൽ പഠിക്കുന്ന ബി.പി.എൽ. വിഭാഗക്കാരായ വിദ്യാർത്ഥികളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നവർക്ക് നൽകുന്നതിനായി 5000 രൂപ വീതമുള്ള സ്കോളർഷിപ്പ് പദ്ധതി 2007-08 മുതൽ നടപ്പിലുള്ളതാകുന്നു. പ്ലസ് വൺ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ സ്വീകരിച്ച് സ്കൂൾതല കമ്മിറ്റി പരിശോധിച്ച് മെറിറ്റ് കം മീൻസ് അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പു നടത്തിയാണ് സ്കോളർഷിപ്പ് നൽകിവരുന്നത്. പ്ലസ് വണ്ണിൽ സ്കോളർഷിപ്പ്

യോഗ്യത നേടുന്നവർക്ക് പ്ലസ് ടുവിലും സ്കോളർഷിപ്പിന് അർഹതയുള്ളതാണ് (മാനദണ്ഡങ്ങൾ പാലിയ്ക്കുന്ന പക്ഷം മാത്രം) മൂന്ന് വിഭാഗങ്ങളിലായാണ് പ്രസ്തുത സ്കോളർഷിപ്പ് നൽകി വരുന്നത്.

<u>ജനറൽ വിഭാഗം</u> :

ബി.പി.എൽ. വിഭാഗക്കാരായ വിദ്യാർത്ഥികളിൽ നിന്നും സ്കൂൾ തലത്തിൽ ലഭിക്കുന്ന അപേക്ഷകളിൽ നിന്നും ഗുണഭോക്താക്കളെ ഓൺലൈൻ പോർട്ടലിലൂടെ തെരഞ്ഞെടുക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് തുക ട്രഷറി അലോട്ട്മെന്റായി അതത് സ്കൂൾ പ്രിൻസിപ്പാൾമാർക്ക് ലഭ്യമാക്കുന്നു. പ്രിൻസിപ്പാൾമാർ അർഹരായ വിദ്യാർത്ഥികളുടെ അക്കൗണ്ടുകളിലേക്ക് ട്രഷറിയിൽ നിന്നും നേരിട്ട് അക്കൗണ്ട് ട്രാൻസ്ഫറായി സ്കോളർഷിപ്പ് തുക നൽകുന്നു.

<u>പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം</u>:

ജനറൽ കാറ്റഗറി തെരഞ്ഞെടുപ്പ് പൂർത്തിയായശേഷം ബാക്കിയാകുന്ന അപേക്ഷകളിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ അപേക്ഷകൾ ഓൺലൈനായി ജില്ലാപഞ്ചായത്ത് തലത്തിലുള്ള തെരഞ്ഞെടുപ്പ് കമ്മിറ്റിക്ക് ല്യമാക്കുന്നു. പ്രസ്തുത കമ്മിറ്റികൾ തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്നതിനായി തുക ട്രഷറി അലോട്ട്മെന്റായി അതത് സ്കൂൾ പ്രിൻസിപ്പാൾമാർക്ക് ലഭ്യമാക്കുന്നു. പ്രിൻസിപ്പാൾമാർ അർഹരായ വിദ്യാർത്ഥികളുടെ അക്കൗണ്ടുകളിലേക്ക് ട്രഷറിയിൽ നിന്നും നേരിട്ട് അക്കൗണ്ട് ട്രാൻസ്ഫറായി സ്കോളർഷിപ്പ് തുക നൽകുന്നു.

<u>ആർട്സ്/സ്പോർട്സ്/ഭിന്നശേഷി വിഭാഗം</u>:

ദേശീയ തലത്തിലോ, സംസ്ഥാനതലത്തിലോ കലാകായിക

മത്സരങ്ങളിൽ മികവ് തെളിയിച്ചിട്ടുള്ളവരിൽ നിന്നും, ഭിന്നശേഷി വിഭാഗത്തിൽ നിന്നും സംസ്ഥാനതല കമ്മിറ്റി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. പ്രസ്തുത കമ്മിറ്റികൾ തെരെഞ്ഞടുത്തു നൽകുന്ന വിദ്യാർത്ഥികൾക്ക് നൽകുന്നതിനായി തുക ട്രഷറി അലോട്ട്മെന്റായി അതത് സ്കൂൾ പ്രിൻസിപ്പാൾമാർക്ക് ലഭ്യമാക്കുന്നു. തുടർന്ന് പ്രിൻസിപ്പാൾമാർ അർഹരായ വിദ്യാർത്ഥികളുടെ അക്കൗണ്ടുകളിലേക്ക് ട്രഷറിയിൽ നിന്നും നേരിട്ട് അക്കൗണ്ട് ട്രാൻസ്ഫറായി സ്കോളർഷിപ്പ് തുക നൽക്കുന്നു.

സ്കോളർഷിപ്പ് പോർട്ടൽ, അഡ്മിഷൻ പോർട്ടലുമായി ബന്ധപ്പെടുത്തിയിട്ടുള്ളതാകയാൽ അപേക്ഷകളിലെ ഏതാനും വിശദാംശങ്ങൾ മാത്രമേ ഡാറ്റാ എൻട്രി ചെയ്യേണ്ടതായി വരികയുള്ളു. സ്കോളർഷിപ്പ് അപേക്ഷകളിലെ വിശദാംശങ്ങൾ കൃത്യമായി പരിശോധിച്ചതിനുശേഷം മാത്രം പോർട്ടലിൽ അപ് ലോഡ് ചെയ്യേണ്ടതാണ്.

<u>സ്കൂൾതല സെലക്ഷൻ കമ്മിറ്റി:</u>

വിദ്യാർത്ഥികൾ സമർപ്പിച്ച അപേക്ഷകൾ ഡാറ്റാ എൻട്രി ചെയ്യുന്നതിനു മുമ്പായി അപേക്ഷിക്കുന്നതിനുള്ള അർഹത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനും, റിന്യൂവലിനുള്ള വിദ്യാർത്ഥികൾ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനും, സ്കൂൾ തലത്തിലുള്ള സ്കോളർഷിപ്പ് പരാതി സംബന്ധിച്ച പരിശോധനകൾക്കുമായി രൂപം കൊടുക്കുന്ന കമ്മിറ്റി

<u>കമ്മിറ്റിയംഗങ്ങൾ</u>

1. **Principal (Chairperson)**
2. **P.T.A President**
3. **Head Master/Head Mistress of the High School**

4. **Staff Secretary**
5. **One representative from among the teachers elected by the Staff Council. One of the members of the committee shall be a woman.**

ആദ്യ ഘട്ടത്തിൽ പ്ലസ് ടു വിദ്യാർത്ഥികൾക്കുള്ള റിന്യൂവലിനുള്ള അപേക്ഷയുടെ ഡാറ്റ എൻട്രി മാത്രമാണ് സ്വീകരിക്കുന്നത്. റിന്യൂവൽ ഡാറ്റ എൻട്രിക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- **www.scholarship.dhse.kerala.gov.in** എന്ന വെബ്ബ് പോർട്ടലിലാണ് എൻട്രി ചെയ്യേണ്ടത്.
- ഡാറ്റ എൻട്രി ലിങ്ക് **07/08/2024** മുതൽ **17/08/2024** വരെ പോർട്ടലിൽ ലഭ്യമാവുന്നതാണ്.
- കഴിഞ്ഞ വർഷം (2023-24) ൽ പ്ലസ് വൺ വിദ്യാർത്ഥികളായിരിക്കെ ഈ സ്കോളർഷിപ്പിന് തെരഞ്ഞെടുക്കപ്പെട്ടവർക്ക് മാത്രമാണ് റിന്യൂവലിന് അർഹതയുള്ളത്. മേൽ സൂചിപ്പിച്ച മൂന്ന് വിഭാഗത്തിലുള്ളവരുടെയും റിന്യൂവൽ ഡാറ്റ എൻട്രി പോർട്ടൽ പരിശോധിച്ച് പൂർത്തിയാക്കേണ്ടതാണ്.
- +2 വിദ്യാർത്ഥികളിൽ നിന്നും പുതിയതായി അപേക്ഷ ശേഖരിക്കാൻ പാടുള്ളതല്ല. *പ്ലസ് വണ്ണിൽ സ്കോളർഷിപ്പിന് അർഹരായവരിൽ നിന്നും പ്ലസ് വൺ മാർക്ക് ലിസ്റ്റിന്റെ പകർപ്പ്, ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ് എന്നിവ ശേഖരിച്ച് പരിശോധന നടത്തി മാത്രമേ ഡാറ്റാ എൻട്രി നടത്താൻ പാടുള്ളൂ.*
- കഴിഞ്ഞ വർഷം (2023-24) തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് പ്ലസ് വൺ പൊതുപരീക്ഷയിൽ -
  - D + കുറയാത്ത ഗ്രേഡും, 70% കുറയാത്ത

<u>ഹാജരുമുണ്ടെങ്കിൽ +2 ക്ലാസിലും സ്കോളർഷിപ്പിന് അർഹതയുണ്ട്.</u> സ്കൂൾതല സെലക്ഷൻ കമ്മിറ്റി ഗ്രേഡ് ഉറപ്പുവരുത്തി രേഖകൾ സഹിതം മിനിട്സ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്. പ്ലസ് വൺ പൊതുപരീക്ഷയിൽ മേൽ വ്യവസ്ഥ പാലിക്കുന്നില്ലെങ്കിൽ **Ineligible** എന്ന് രേഖപ്പെടുത്തേണ്ടതാണ്. ഈ വർഷത്തെ ഇംപ്രൂവ്മെന്റ് പരീക്ഷ വൈകിയ സാഹചര്യത്തിൽ പ്ലസ് വൺ പൊതു പരീക്ഷയിൽ അർഹത നേടിയ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതാണ്. ആയതിനാൽ **2024** <u>പ്ലസ് വൺ പൊതുപരീക്ഷാഫലത്തിന്റെ അടിസ്ഥാനത്തിൽ അർഹത നേടിയവരെ</u> **eligible-**<u>ആയും അല്ലാത്തവരെ</u> **ineligible-** <u>ആയും രേഖപ്പെടുത്തേണ്ടതാണ്.</u>

അപേക്ഷകൾ യഥാസമയം അപ് ലോഡ് ചെയ്തില്ലെങ്കിൽ അർഹതയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിക്കാത്ത സാഹചര്യമുണ്ടാകുമെന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു.

മുഴുവൻ അപേക്ഷകളുടെയും, റിന്യൂവലിന്റെയും ഡാറ്റ എൻ ട്രി **17/08/2024** വൈകിട്ട് **5** മണിയ്ക്കകം പൂർത്തിയാക്കിയിരിക്കണം.

Signed by
Ramakrishnapilla Suresh Kumar
Date: 06-08-2024 11:23:18

ജോയിന്റ് ഡയറക്ടർ (അക്കാദമിക്)